# പത്രക്കുറിപ്പ്

## ബി.ജെ.പി.യുടെ ദേശീയസമ്മേളനത്തിനോടനുബന്ധിച്ച് കോഴിക്കോട് നഗരത്തിൽ 25.09.2016, തിയ്യതി രാവിലെ 07.00 മണി മുതൽ 10.00 മണി വരെയും വൈകീട്ട് 04.00 മണി മുതൽ 07.30 വരെയും ബസ്സുകൾ, ടാക്സികൾ മറ്റു സ്വകാര്യയാത്രാ വാഹനങ്ങൾക്കുള്ള ഗതാഗത നിയന്ത്രണ-ക്രമീകരണ നിർദേശങ്ങൾ

1) ബാലുശ്ശേരി ഭാഗത്തു നിന്നും വരുന്ന യാത്രാ വാഹനങ്ങൾ വേങ്ങേരി-മലാപറമ്പ്-തൊണ്ടയാട്-അരയിടത്ത്പാലം വഴി നഗരത്തിൽ പ്രവേശിക്കേണ്ടതാണ്. ബാലുശ്ശേരി ഭാഗത്തേക്കുള്ള വാഹനങ്ങൾ അരയിടത്ത് പാലം-തൊണ്ടയാട്-മലാപറമ്പ്-വേങ്ങേരി വഴി തിരിച്ച് പോകേണ്ടതാണ്.

2)കണ്ണൂർ, കാസർഗോഡ്, തലശ്ശേരി, വടകര ഭാഗത്തും നിന്നും വരുന്ന വാഹനങ്ങൾ പൂളാടിക്കുന്ന് –മലാപറമ്പ്-തൊണ്ടയാട്-അരയിടത്ത്പാലം വഴി നഗരത്തിലേക്കും കണ്ണൂർ, കാസർഗോഡ്, തലശ്ശേരി, വടകര ഭാഗത്തേക്കുള്ള വാഹനങ്ങൾ അരയിടത്ത്പാലം-തൊണ്ടയാട്-മലാപറമ്പ്-പൂളാടിക്കുന്ന് വഴി തിരിച്ചും പോകേണ്ടതാണ്.

3)വയനാട്, കുന്ദമംഗലം ഭാഗത്ത് നിന്നും വരുന്ന വാഹനങ്ങൾ കാരന്തൂർ-മെഡിക്കൽ കോളേജ്-തൊണ്ടയാട്-അരയിടത്ത്പാലം വഴി നഗരത്തിലേക്കും തിരിച്ചു പോകേണ്ടവ അരയിടത്ത്പാലം-തൊണ്ടയാട്-മെഡിക്കൽ കോളേജ്-കാരന്തൂർ വഴിയും തിരിച്ചും പോകേണ്ടതാണ്.

4)കാരന്തൂർ,മൂഴിക്കൽ, വെള്ളിമാടുകുന്ന് ഭാഗത്തു നിന്നും വരുന്ന വാഹനങ്ങൾ മലാപറമ്പ്-തൊണ്ടയാട്-അരയിടത്ത്പാലം വഴി നഗരത്തിലേക്കും തിരിച്ചു പോകേണ്ട വാഹനങ്ങൾ അരയിടത്ത്പാലം-തൊണ്ടയാട്-മലാപറമ്പ് വഴിയും പോകേണ്ടതാണ്.